**ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്**
**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**ഹാജർ : ജോൺസൺ കെ**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - എൽ.ഐ.ഡി & ഇഡബ്ല്യു – ഐ.സി.ഡി.എസ് – 16 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം- സംബന്ധിച്ച്-

സൂചന : 1) സ.ഉ (സാധാ) നം. 96/2021/സാ.നീ.വ തീയതി 02/02/2021
2) സ.ഉ (സാധാ) നം. 54/2021/വശിവിവ തീയതി 07/10/2021
3) 04/11/2021 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ ഐ.സി.ഡ.എസ്/എ8/7935/2021 നം. ഉത്തരവ്

**ഉത്തരവ് നം. ഇ14/3782/21/സിഇ/എൽ.എസ്.ജി.ഡി തീയതി 22/02/2022**

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സർക്കാർ ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10,7,5,5,3,3 (Slopping terrain), 1.25 cent) ആനുപാതികമായി ആറ് വ്യത്യസ്ത പ്ലാനും പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. സ്ഥല വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വനിത ശിശു വികസന വകുപ്പ് വിഹിതമായും ബാക്കി തുക LSGD വിഹിതവുമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

സ്മാർട്ട് അങ്കണവാടി കെട്ടിടത്തിന്റെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10,7.5,5 cent) ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം കെട്ടിട നിർമ്മാണത്തിൽ നിന്നും ഒഴിവാക്കിയും എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവ് ചെയ്ത് എസ്റ്റിമേറ്റ് പുതുക്കിയും സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 16 അങ്കണവാടികൾക്ക് നടപ്പു സാമ്പത്തിക വർഷം 4235-02-102-96(P) ശീർഷകത്തിൽ വകയിരുത്തിയിക്കുന്ന തുകയിൽ നിന്നും 2,75,00,000/- രൂപ വനിത ശിശു വികസന വകുപ്പ് വിഹിതമായി വിനിയോഗിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

ടി അങ്കണവാടികൾക്ക് വനിത ശിശു വികസന വകുപ്പ് വിഹിതമായി 2,75,00,000/- രൂപയും ബന്ധപ്പെട്ട എൽ.എസ്.ജി.ഡി വിഹിതമായി 1,72,05,608/- രൂപയും ചേർത്ത് ആകെ 4,47,05,608/- രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സർക്കാർ അംഗീകൃത പ്ലാനിൽ നിശ്ചിത വിസ്തീർണ്ണത്തിലുള്ള 16 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്ന

പട്ടികയിൽ ഉൾപ്പെട്ട അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി, സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിംഗ് അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

അതാത് ജില്ലാ പഞ്ചായത്ത് LID & EW എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ താങ്കളുടെ പരിധിയിൽ വരുന്ന ജില്ലയിൽ നിർമ്മിക്കുന്ന മേൽ പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതാണെന്നും കാലതാമസം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുപാതിക സർക്കാർ വിഹിതം അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബിൽ, അനുബന്ധരേഖകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

പകർപ്പ്:
1) വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
2) ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക്
3) LID & EW എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം, വയനാട്, കണ്ണൂർ, കാസർഗോഡ്
4) കരുതൽ/ സ്റ്റോക്ക് ഫയൽ

**ആജ്ഞാനുസരണം അയക്കുന്നത്**

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

## CONSTRUCTION OF SMART ANGANWADI BUILDINGS FOR 2021-22

(Order No. ICDS/A8-7935/21 dated: 04.11.2021)

| Sl.No | District | Name of Project | LSGD | AWC No. | Area of land available | Total estimated cost | Fund provided by WCD Dept. | Fund provided by LSGD | Name of LSGD Provided fund |
|---|---|---|---|---|---|---|---|---|---|
| 1 | TVPM | Pothencode | Kadinamkulam | 103 | 3 | 2764952 | 1700000 | 1064952 | Kadinamkulam GP |
| 2 | TVPM | Pothencode | Azhoor | 169 | 3 | 2764952 | 1700000 | 1064952 | Azhoor G P |
| 3 | Kottayam | Vazhoor | Chirakkadavu | 14 | 3 | 2764952 | 1700000 | 1064952 | Chirakkadavu G P |
| 4 | Kottayam | Ettumanoor | Athirambuzha | 66 | 3 | 2764952 | 1700000 | 1064952 | Athirambuzha G P |
| 5 | Pathanamthitta | Parakkode | Kalanjoor | 64 | 3 | 2764952 | 1700000 | 1064952 | Kalanjoor G P |
| 6 | Pathanamthitta | Parakkode | Enaadhimangalam | 52 | 3 | 2764952 | 1700000 | 1064952 | Enaadhimangalam G P |
| 7 | Pathanamthitta | Parakkode | Enaadhimangalam | 42 | 3 | 2764952 | 1700000 | 1064952 | Enaadhimangalam G P |
| 8 | Wayanad | Panamaram | Kaniyambatta | 66 | 3 | 2764952 | 1700000 | 1064952 | Kaniyambatta GP |
| 9 | Wayanad | Sulthan Batheri | Batheri | 81 | 4 | 2764952 | 1700000 | 1064952 | Sulthan Batheri Municipality |
| 10 | Wayanad | Kalpetta Adl | Meppadi | 28 | 3 | 2764952 | 1700000 | 1064952 | Meppadi G P |
| 11 | Kozhikkode | Thuneri | Nadapuram | 183 | 3 | 2764952 | 1700000 | 1064952 | Thuneri Block Panchayath |
| 12 | Kozhikkode | Vadakara | Onchiyam | 50 | 3 | 2764952 | 1700000 | 1064952 | Onchiyam G P |
| 13 | Kozhikkode | Vadakara | Onchiyam | 35 | 3 | 2764952 | 1700000 | 1064952 | Onchiyam G P |

OFFICE OF THE CHIEF ENGINEER
THIRUVANANTHAPURAM

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | Kannur | Iritty Adl | Mattannur Municipality | 70 | 5 | 3231328 | 2000000 | 1231328 | Mattannur Municipality |
| 15 | Kasargod | Karadukka Addl | Kuttikkol | 85 | 3 | 2764952 | 1700000 | 1064952 | Kuttikkol G P - Kasargod Development Package |
| 16 | Kasargod | Manjeswaram Addl | Mangalpady | 63 | 3 | 2764952 | 1700000 | 1064952 | Mangalpady G P - Kasargod Development Package |
| **TOTAL** | | | | | | **44705608** | **27500000** | **17205608** | |

[redacted]

## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ : അനുപമ റ്റി വി IAS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - സ്മാർട്ട് അങ്കണവാടി പദ്ധതി - 16 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണ ചുമതല - LSGD ചീഫ് എഞ്ചിനിയർക്ക് നൽകി ഉത്തരവാകുന്നു.

പരാമർശം : 1 സ ഉ (സാധാ) നം.96/2021/സാനിവ തീയതി : 02/02/2021
2 സ ഉ (സാധാ) നം.54/2021/വശിവിവ തീയതി : 07/10/2021

**ഉത്തരവ് നമ്പർ ICDS/A8-7935/2021 തീയതി : 04.11.2021**

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സർക്കാർ ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം (10, 7.5, 5, 3, 3 (slopping terrain), 1.25 cent) ആനുപാതികമായി ആറ് വ്യത്യസ്ത പ്ലാനും പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. സ്ഥല വിസ്തീർണ്ണം ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക LSGD വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

സ്മാർട്ട് അങ്കണവാടിയുടെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 സെന്റ്) ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ്പൂൾ സംവിധാനം കെട്ടിട നിർമ്മാണത്തിൽനിന്നും ഒഴിവാക്കിയും എസ്റ്റിമേറ്റ് തുകയിൽനിന്നും സ്വിമ്മിംഗ്പൂൾ കോസ്റ്റ് കുറവ് ചെയ്ത് എസ്റ്റിമേറ്റ് പുതുക്കിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 16 അങ്കണവാടികൾക്ക് നടപ്പ് സാമ്പത്തിക വർഷം 4235-02-102-96(P)

ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 2,75,00,000/- രൂപ വകുപ്പ് വിഹിതമായി വിനിയോഗിച്ച് LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD വിഹിതം ശുപാർശ ചെയ്തിട്ടുള്ള 16 പ്രൊപ്പോസലുകൾ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 16 അങ്കണവാടികൾക്ക് വകുപ്പ് വിഹിതമായി 2,75,00,000/- രൂപയും (രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ബന്ധപ്പെട്ട LSGD വിഹിതമായി 1,72,05,608/-(ഒരു കോടി എഴുപത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി എട്ട് രൂപാ മാത്രം) രൂപയും ചേർത്ത് ആകെ 4,47,05,608/- രൂപ( നാല് കോടി നാൽപ്പത്തിഏഴ് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി എട്ട് രൂപാ മാത്രം) വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സർക്കാർ അംഗീകൃത പ്ലാനിൽ നിശ്ചിത വിസ്തീർണ്ണത്തിലുള്ള 16 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ നിർമ്മാണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി ഉത്തരവാകുന്നു. ലഭ്യമായ സ്ഥലത്തിന്റെ ഘടനയ്ക്കും രൂപത്തിനും അനുയോജ്യമായ രീതിയിൽ പ്ലാനിൽ ഭേദഗതി വരുത്തുന്നതിനും LSGD ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്മാർട്ട് അങ്കണവാടിയുടെ നിശ്ചിത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 16 അങ്കണവാടികളുടെ കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പ് വിഹിതമായി അനുവദനീയമായ തുക 4235-02-102-96(P) ശീർഷകത്തിൽനിന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവദിക്കാവുന്നതാണ്.

പ്രോഗ്രാം ഓഫീസർ/സിഡിപിഒ അതാത് ജില്ലകളിലെ തദ്ദേശീയ പ്രശ്നങ്ങൾ പരിഹരിക്കുകയും കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തി പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിഭാഗം
തിരുവനന്തപുരം (സർക്കാർ ഉത്തരവ് സഹിതം)

പകർപ്പ്:

1. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട സിഡിപിഒ-മാർക്ക്
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

# CONSTRUCTION OF SMART ANGANWADI BUILDINGS FOR 2021-22

(Order No. ICDS/A8-7935/21 dated: 04.11.2021)

| Sl.No | District | Name of Project | LSGD | AWC No. | Area of land available | Total estimated cost | Fund provided by WCD Dept. | Fund provided by LSGD | Name of LSGD Provided fund |
|---|---|---|---|---|---|---|---|---|---|
| 1 | TVPM | Pothencode | Kadinamkulam | 103 | 3 | 2764952 | 1700000 | 1064952 | Kadinamkulam GP |
| 2 | TVPM | Pothencode | Azhoor | 169 | 3 | 2764952 | 1700000 | 1064952 | Azhoor G P |
| 3 | Kottayam | Vazhoor | Chirakkadavu | 14 | 3 | 2764952 | 1700000 | 1064952 | Chirakkadavu G P |
| 4 | Kottayam | Ettumanoor | Athirambuzha | 66 | 3 | 2764952 | 1700000 | 1064952 | Athirambuzha G P |
| 5 | Pathanamthitta | Parakkode | Kalanjoor | 64 | 3 | 2764952 | 1700000 | 1064952 | Kalanjoor G P |
| 6 | Pathanamthitta | Parakkode | Enaadhimangalam | 52 | 3 | 2764952 | 1700000 | 1064952 | Enaadhimangalam G P |
| 7 | Pathanamthitta | Parakkode | Enaadhimangalam | 42 | 3 | 2764952 | 1700000 | 1064952 | Enaadhimangalam G P |
| 8 | Wayanad | Panamaram | Kaniyambatta | 66 | 3 | 2764952 | 1700000 | 1064952 | Kaniyambatta GP |
| 9 | Wayanad | Sulthan Batheri | Batheri | 81 | 4 | 2764952 | 1700000 | 1064952 | Sulthan Batheri Municipality |
| 10 | Wayanad | Kalpetta Adl | Meppadi | 28 | 3 | 2764952 | 1700000 | 1064952 | Meppadi G p |
| 11 | Kozhikkode | Thuneri | Nadapuram | 183 | 3 | 2764952 | 1700000 | 1064952 | Thuneri Block Panchayath |
| 12 | Kozhikkode | Vadakara | Onchiyam | 50 | 3 | 2764952 | 1700000 | 1064952 | Onchiyam G P |
| 13 | Kozhikkode | Vadakara | Onchiyam | 35 | 3 | 2764952 | 1700000 | 1064952 | Onchiyam G P |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| [illegible] | Kannur | Iritty Adl | Mattannur Municipality | 79 | 5 | 3231328 | 2000000 | 1231328 | Mattannur Municipality |
| 15 | Kasargod | Karadukka Addl | Kuttikkol | 85 | 3 | 2764952 | 1700000 | 1064952 | Kuttikkol G P+ Kasargod Development Package |
| 16 | Kasargod | Manjeswaram Addl | Mangalpady | 63 | 3 | 2764952 | 1700000 | 1064952 | Mangalpady G P + Kasargod Development Package |
| TOTAL | | | | | | **44705608** | **27500000** | **17205608** | |

**For Director of Women and Child Development**

16375

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്– സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം – 16 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 54/2021/വശിവിവ** **തീയതി, തിരുവനന്തപുരം, 07/10/2021**

---

പരാമർശം: 1. സ.ഉ(സാധാ)നം. 96/2021/സാനീവ തീയതി 02.02.2021.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 02.09.2021 ലെ ഐസിഡിഎസ്/എ 8–7935/21 നമ്പർ കത്ത്.

3. 08.09.2021 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

അങ്കണവാടികളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2011–12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് അങ്കണവാടികൾ നിർമ്മിച്ചു വരുന്നു. ഇവയൊക്കെ വ്യത്യസ്ത പ്ലാനിലും എസ്റ്റിമേറ്റിലുമാണ് നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ഓരോ അങ്കണവാടികളുടേയും അടിസ്ഥാന സൗകര്യങ്ങൾ വ്യത്യസ്തമായിരിക്കും. വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രാരംഭ ശൈശവകാല സംരക്ഷണം നല്കുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദപരമാക്കേണ്ടതുണ്ട്. നിലവിൽ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ മുഖേന നിരവധി സേവനങ്ങൾ നല്കി വരുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ അങ്കണവാടികളിൽ 7383 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(2) സംസ്ഥാനത്ത് 01.04.2019 മുതൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്ലാനും പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റും 30.01.2020 ന് ചേർന്ന ഐസിഡിഎസ് മിഷൻ 4–ാമത് ഗവേണിംഗ് ബോഡി അംഗീകാരം നല്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ

വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3(Slopping Terrain), 1.25 സെന്റ്) ആനുപാതികമായി ഒരു നിശ്ചിത തു... വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGD വിഹിതമായി കണ്ടെത്തുവാനുമാണ് പദ്ധ... വിഭാവനം ചെയ്യുന്നത്.

(3) സ്മാർട്ട് അങ്കണവാടികളുടെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 സെന്റ്) കെട്ടിടത്തോടൊപ്പം ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം ആവശ്യമില്ലായെന്നും ടി സ്വിമ്മിംഗ് പൂൾ, കെട്ടിട നിർമ്മാണത്തിൽ നിന്നും ഒഴിവാക്കി മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവു ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് ഒഴിവാക്കി വകുപ്പ് - LSGD വിഹിതം ക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം വകുപ്പ് വിഹിതവും LSGD വിഹിതവും ക്രമീകരിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Area in Cents | Plinth Area of the Propose Building | Revised Unit Cost of Smart Anganwadi Scheme (in Lakhs) | Proposed Department Contribution (in Lakhs) | Proposed LSGD Contribution |
|---|---|---|---|---|---|
| 1 | 10 | 1655.23 | 42,92,340/- | 25,00,000 | 17,92,340/- |
| 2 | 7.5 | 1352.52 | 42,42,174/- | 25,00,000 | 17,42,174/- |
| 3 | 5 | 968.90 | 32,31,328/- | 20,00,000 | 12,31,328/- |
| 4 | 3 | 789.75 | 27,64,952 | 17,00,000 | 10,64,952/- |
| 5 | 3 (Slopping Terain) | 918.97 | 28,70,133 | 17,00,000 | 11,70,133/- |
| 6 | 1.25 | 581.00 | 21,37,256 | 15,00,000 | 6,37,256 |

(4) സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകുപ്പിൽ നിന്നും വകുപ്പ് വിഹിതം അനുവദിക്കുന്ന മുറയ്ക്ക് തന്നെ ആനുപാതിക LSGD വിഹിതം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) അനുവദിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനവും ബന്ധപ്പെട്ട LSGD ലഭ്യമാക്കാറുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അങ്കണവാടി ഒന്നിന് വകുപ്പ് വിഹിതമായി പരമാവധി 25 ലക്ഷം രൂപ നിരക്കിൽ വിവിധ വിസ്തീർണ്ണത്തിലുള്ള 16 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ആകെ 2,75,00,000/- രൂപ ചെലവ് വരുന്നതാണ്. വകുപ്പ് വിഹിതമായി ചെലവഴിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Area of Land (in Cents) | Plinth area of proposed building | Unit Cost of Smart Anganwadi building | No. of AWC to be constructed | Dept. share of one smart AWC | Total Dept Share |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 5 | 968.9 | 32,31,328 | 1 | 20,00,000/- | 20,00,000/- |
| 2 | 3 | 789.75 | 27,64,952 | 15 | 17,00,000/- | 2,55,00,000/- |
| **Total** | | | | **16** | | **2,75,00,000/-** |

(5) ഈ സാഹചര്യത്തിൽ 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 2,75,00,000/- (രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ വകുപ്പ് വിഹിതമായി മേൽപ്പട്ടികയിൽ വിവരിക്കുന്ന നിരക്കിൽ (അങ്കണവാടി ഒന്നിന് പരമാവധി 25 ലക്ഷം രൂപ) വിനിയോഗിച്ച് 16 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കുന്നതിനും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-96(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) 08.09.2021 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(6) ഈ സാഹചര്യത്തിൽ 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 2,75,00,000/- (രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ വകുപ്പ് വിഹിതമായി മേൽപ്പട്ടികയിൽ വിവരിക്കുന്ന നിരക്കിൽ (അങ്കണവാടി ഒന്നിന് പരമാവധി 25 ലക്ഷം രൂപ) വിനിയോഗിച്ച് 16 അങ്കണവാടികൾക്ക് സർക്കാർ അംഗീകരിച്ച പ്ലാനിലും എസ്റ്റിമേറ്റിലും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നിർമ്മിക്കുന്നതിനും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-96(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും ഉള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**നിഷ എസ്**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ